# യേശു ആര്?

*ഞങ്ങളെത്തന്നേ അല്ല, ക്രിസ്തുയേശുവിനെ കർത്താവ് എന്നും ഞങ്ങളെയോ യേശു നിമിത്തം നിങ്ങളുടെ ദാസന്മാർ എന്നും അത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്.* 2 കൊരിന്ത്യർ 4:5


**പീറ്റർ വാക്കർ**

www.1peter1three.weebly.com

Translated and designed by
Good Shepherd Media, Secunderabad 500 067
E-mail: printing@ombooks.org

# ഉള്ളടക്കം


ഉപക്രമം. . . . . . . . . . . . . . . . . . . . . . . . . . . . 5

യേശു ആര്? . . . . . . . . . . . . . . . . . . . . . . . . . . 7

യേശുവിന്റെ സന്ദേശം . . . . . . . . . . . . . . . . . . . . . 9

വിശ്വാസം. . . . . . . . . . . . . . . . . . . . . . . . . . . 11

നിധി . . . . . . . . . . . . . . . . . . . . . . . . . . . . . 14

രക്തം . . . . . . . . . . . . . . . . . . . . . . . . . . . . 16

ആത്മാവ് . . . . . . . . . . . . . . . . . . . . . . . . . . 18

ക്ഷണം . . . . . . . . . . . . . . . . . . . . . . . . . . . 20

പുതുജീവൻ . . . . . . . . . . . . . . . . . . . . . . . . . 23

തിരുവചന റഫറൻസുകൾ . . . . . . . . . . . . . . . . . . 26

ഈ ലഘുപുസ്തകം വായനക്കാരനുവേണ്ടി ഞാൻ സമർപ്പിക്കുന്നു. യേശുക്രിസ്തുവിനെക്കുറിച്ച് താങ്കളോട് പങ്കുവെക്കുവാൻ അനുവദിച്ചതിനു നന്ദി.
ബൈബിളിൽ എനിക്ക് ഔപചാരിക പരിശീലനം ലഭിച്ചിട്ടില്ല, വേദശാസ്ത്രപരമായ പല വിഷയങ്ങളിൽ എന്റെ നിലപാട് എനിക്കു തന്നേ വ്യക്തമല്ല. എന്നിരുന്നാലും, ഞാൻ യേശുവിന്റെ ഒരനുഗാമിയാണ്, തിരുവചനത്തെ ഞാൻ സ്നേഹിക്കുന്നു. ചില ചിന്തകൾ പങ്കുവെക്കുവാൻ എന്നെ അനുവദിച്ചാലും....

# ഉപക്രമം

**''യേശു ആരാണ്'' എന്ന ചോദ്യം താങ്കൾ ഉന്നയിക്കുകയാണെങ്കിൽ തീർച്ചയായും നിങ്ങൾ അതിശയകരമായ ഒരു സ്ഥാനത്താണ്!**

താങ്കൾക്ക് ദൈവത്തോടു ദേഷ്യമുണ്ടായിരിക്കാം, അഥവാ ഈ സമയത്ത് താങ്കൾക്ക് ദൈവത്തിൽ വിശ്വാസം ഇല്ലായിരിക്കാം. അല്ലെങ്കിൽ താങ്കൾക്കു ദൈവത്തിൽ വിശ്വാസമുണ്ട് പക്ഷേ, വേദന അനുഭവിക്കുകയായിരിക്കും. താങ്കൾ ഒരു മുസ്ലീമോ ഹിന്ദുവോ ബുദ്ധമതക്കാരനോ മറ്റേതെങ്കിലും വിശ്വാസക്കാരനോ ആയിരിക്കും. അതുമല്ല, നിർവചിക്കുവാനാകാത്ത ഏതെങ്കിലും ഒരു സ്ഥാനത്തായിരിക്കാം താങ്കൾ. സുഹൃത്തേ, താങ്കൾക്ക് എങ്ങനെ തോന്നുന്നുവെന്നോ താങ്കൾ എവിടെയായിരിക്കുന്നുവെന്നോ കാര്യമാക്കുന്നില്ല, ബൈബിളിന്റെ ദൈവം–ആരംഭം മുതൽ അവസാനം വരെയുള്ള പുസ്തകങ്ങളിൽ–താങ്കളെ സ്വാഗതം ചെയ്യുന്നു, അല്ല താങ്കളോട്, 'അപേക്ഷിക്കുന്നു' ***യേശു ആരാണ്*** എന്ന ചോദ്യം ചോദിക്കുക.

എനിക്ക് ഉത്തരം തരുവാൻ കഴിയാത്തതോ തരാത്തതോ ആയ അനവധി, അനവധി ചോദ്യങ്ങൾ താങ്കൾക്ക് ഉണ്ടായിരിക്കാം. വാസ്തവത്തിൽ ഈ ലഘു പുസ്തകത്തിൽ, ഞാൻ യേശുവിലെ ഒരു 'വിശ്വാസി'യായിട്ടു മാത്രം വന്നുകൊണ്ട് ചില ചിന്തകൾ നിങ്ങളോടു പങ്കുവെക്കുന്നു. എന്റെ ശ്രോതസ്സുകൾ എന്റെ വിശ്വാസവും ബൈബിളും ദൈവത്തിന്റെ ആത്മാവുമാണ്.

അറുപത്തി ആറു 'പുസ്തക'ങ്ങളുടെ അഥവാ എഴുത്തുകളുടെ സമാഹാരമായ ബൈബിൾ പ്രചോദിതമായ ദൈവവചനമാണ്.

അനവധി നല്ല കാര്യങ്ങളെപോല ബൈബിൾ തെറ്റിദ്ധരിക്കപ്പെടുകയോ ദുരപയോഗപ്പെടുകയോ സംശയിക്കപ്പെടുകയോ ചെയ്യാം. ബൈബിൾ ഉപയോഗിക്കുന്നതിൽ മനുഷ്യന്റെ കുറവുകളുണ്ടായിരുന്നിട്ടും യഥാർഥ സത്യാന്വേഷകന് അത് ദൈവത്തിന്റെ വിശ്വസനീയമായ വചനമായി നിലകൊള്ളുന്നു. അത് എഴുതിയത് 'പഠിപ്പില്ലാത്ത' മനുഷ്യരാകയാൽ വായിച്ചു മനസ്സിലാക്കുവാൻ എളുപ്പമാണ്. ബൈബിളിൽനിന്ന് ദൈവം നമുക്കു മറഞ്ഞിരിക്കുന്നില്ല; അവൻ സ്വയം നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നു!

**''യേശു ആരാണ്''** എന്ന അതിപ്രധാനമായ ചോദ്യത്തിനുള്ള എന്റെ ചിന്തകൾ വേഗത്തിൽ ഞാൻ താങ്കൾക്കു സമർപ്പിക്കട്ടെ.

# യേശു ആര്?

ദൈവം മനുഷ്യന്റെ രൂപത്തിൽ എന്നാണ് ബൈബിൾ യേശു ക്രിസ്തു (കർത്താവ് രക്ഷിക്കുന്നു എന്നർഥം)വിനെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്നത്. ഒരു മനുഷ്യനാകുവാൻ ദൈവം സ്വർഗത്തിൽനിന്ന് താണിറങ്ങിവന്നു. അതുകൊണ്ട് നമുക്ക് ദൈവത്തെ 'വ്യക്തിഗതമായി' അറിയുവാനും പരിപൂർണമായി ദൈവത്തോടു ബന്ധപ്പെടുവാനും കഴിയുന്നു.

''ജഡത്തിൽ വെളിപ്പെട്ട'' ദൈവമാണ് യേശു. അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് നിത്യജീവൻ നല്കുവാനായി വന്നു. ഇതാണ് യേശു 'ആരാകുന്നു' എന്നതും അവൻ വന്നത് 'എന്തിനാകുന്നു' എന്നതും.

## *വെളിപ്പാട്:*

ഇത് അളക്കുവാനാകാത്ത സത്യമെന്നും മനസ്സിലാക്കുവാൻ അസാധ്യമെന്നും ബൈബിൾ തന്നെ പറയുന്നു. ദൈവം നമ്മെ രക്ഷിക്കുവാനായി മനുഷ്യരൂപത്തിൽ ഇറങ്ങി വന്നുവെന്ന സത്യം മനസ്സിലാക്കുവാനസാധ്യം. നമുക്കത് 'പിടി'കിട്ടുകയില്ല! അതു നമുക്ക് അത്രയ്ക്കു വലിയതാണ്! ബൈബിൾ പറയുന്ന ഈ സത്യം –അത്രയ്ക്ക് അത്ഭുതകരമായ സത്യം–നമ്മുടെ ബുദ്ധിയിൽ പരിമിതമാകുവാൻ ഉണ്ടാക്കിയതല്ല!

ദൈവത്തിന്റെ സത്യമായ–യേശുക്രിസ്തു–*ആത്മാവും സത്യവും* ആകുന്നു. ഈ സത്യം നമ്മിൽ വരുന്നത് ബുദ്ധിയിലെ 'അറിവ്'

ആയിട്ടല്ല, നമ്മുടെ ആത്മാവിലും ഹൃദയത്തിലും 'വെളിപ്പാട്' ആയിട്ടാണ്.

താങ്കൾ–എന്നെപോലെയും മറ്റു പലരെപോലെയും–ദൈവത്തെ 'പിടി'ക്കുവാൻ അഥവാ അവനെ ബുദ്ധിയിൽ പരിമിതമാക്കുവാൻ ശ്രമിച്ചാൽ, നമ്മുടെ ആത്മാവിനും ഹൃദയത്തിനും നിയന്ത്രണമേറ്റെടുക്കുവാൻ വലിയ ബുദ്ധിമുട്ടാകും. എന്നാൽ എന്റെ സുഹൃത്തേ, താങ്കൾക്ക് അറിയാമോ, ഇപ്പോൾ ജീവിതത്തിൽ താങ്കൾക്കു വിലപ്പെട്ടതെല്ലാം–സുഹൃത്തുക്കൾ, കുടുംബം, സന്തോഷം, സ്നേഹം, സമാധാനം, ക്ഷമ, കരുണ–ഇവയെല്ലാം ബുദ്ധിയുടെ 'സത്യ'ങ്ങളല്ല, എന്നാൽ ആത്മാവിന്റെയും ഹൃദയത്തിന്റെയും സത്യങ്ങളാണ്. വാസ്തവത്തിൽ പല കാര്യങ്ങളിലും നമ്മുടെ മനസ്സുകളും അറിവും ഒരു 'ഹൃദയ സത്യ'ത്തെ അഥവാ ബന്ധത്തെ മുറിപ്പെടുത്താനോ കേടാക്കാനോ അനുവദിച്ചിട്ടുണ്ട്. ***എപ്പോഴെങ്കിലും നിങ്ങളുടെ ഹൃദയത്തെ തല മേലധികാരം നടത്തുവാൻ വിട്ടിട്ട് പിന്നെ അതെക്കുറിച്ച് ദുഃഖിക്കേണ്ടി വന്നിട്ടുണ്ടോ?*** ദൈവം എന്റെ ചെറിയ മനസ്സിലോ പ്രവചനാതീതമായ അറിവിലോ 'പരിമിത'മായാൽ അവൻ തീർച്ചയായും തീരെ ചെറിയൊരു ദൈവമാണ്!

ബൈബിൾ നമ്മോട് പറയുന്നു, ''ദൈവം ആത്മാവാകുന്നു; അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കണം.'' യേശു തന്റെ വചനങ്ങളെക്കുറിച്ച് പറയുന്നു, ''എന്റെ വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.''

***യേശുവിന്റെ സത്യം താങ്കളുടെ ബുദ്ധിക്കു വെല്ലുവിളിയും എന്നാൽ താങ്കളുടെ ഹൃദയത്തിന്റെ വാതിൽക്കൽ മുട്ടിവിളിക്കുന്നതായും താങ്കൾക്കു തോന്നിയിട്ടുണ്ടോ?***

# യേശുവിന്റെ സന്ദേശം

അവർ 'വിശ്വസി'ക്കുന്നതിനുവേണ്ടി ജനങ്ങളോട് യേശു എങ്ങനെ അപേക്ഷിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. പണമോ ധനമോ വാഗ്ദാനം ചെയ്തുകൊണ്ടല്ല അവൻ വന്നത്. ദൈവശാസ്ത്രപരമായ ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാമെന്നു പറഞ്ഞുമല്ല അവൻ വന്നത്. ഇങ്ങനെ അവൻ പറഞ്ഞു, *ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് തിരുവെഴുത്ത് പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും.* നാം ''ദാഹമുള്ളവരെങ്കിൽ'' അവൻ ''ജീവജലം'' വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതു നമ്മുടെ ദൈനംദിന വ്യവഹാരങ്ങളുമായി 'ചേരുന്ന'തല്ല; നമ്മുടെ മനസ്സുകളിൽ ഇതു 'പരിമിത'മാകുന്നതുമല്ല. എന്നാലും നമ്മുടെ ആത്മാവിന്റെ ആഴത്തിലേക്ക് അത് ചെല്ലുന്നു, എന്തോ അധികമായ നമ്മുടെ ആവശ്യത്തിന് അത് ഉത്തരമാകുന്നു.

### *'താങ്കൾക്കു ദാഹിക്കുന്നോ' എന്ന യേശുവിന്റെ ചോദ്യം താങ്കളുടെ ആത്മാവിൽ മുഴങ്ങുന്നുണ്ടോ?*

അല്ലെങ്കിൽ വേറൊരുദാഹരണം, യേശു ജനക്കൂട്ടത്തിനു നേരെ തിരിഞ്ഞു ചോദിച്ചു, ''അധ്വാനിക്കുന്നവൻ ആരുണ്ട്?'' എന്നിട്ട് അവൻ വ്യത്യസ്തമായൊരു ''ആശ്വാസം'' വാഗ്ദാനം ചെയ്തു.

യേശു അത്ഭുതങ്ങൾ ചെയ്തു, എന്നാൽ അതിന് പ്രത്യേകമായ ഉദ്ദേശ്യമുണ്ടായിരുന്നു. ഒരിക്കൽ അവൻ വലിയൊരു കൂട്ടത്തോട് പറഞ്ഞു, അവന് പാപങ്ങൾ ക്ഷമിക്കുവാൻ അധികാരമുണ്ട് എന്ന് നാം മനസ്സിലാക്കുന്നതിനുവേണ്ടിയാണ് അവൻ അത്ഭുതങ്ങൾ

ചെയ്യുന്നത്. കുറെ കാലത്തേക്ക് കുറച്ചുപേരുടെ ജീവിതം മെച്ചപ്പെടുത്തുവാനല്ല അവൻ അത്ഭുതങ്ങൾ ചെയ്തത്. അവൻ അത്ഭുതങ്ങൾ ചെയ്തത് നമ്മുടെ പാപങ്ങൾ ക്ഷമിക്കുവാൻ അവന് അധികാരമുണ്ടെന്ന് നാം കാണുന്നതിനും അങ്ങനെ *നമ്മുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെടുന്നതിനും*.

***അതുകൊണ്ട് അവന്റെ സന്ദേശം എന്താണ്? ഈ 'ജീവൻ' ഈ 'ആശ്വാസം', ഈ 'ജീവജലം' എങ്ങനെ എന്റെ ആത്മാവിൽ പ്രാപിക്കുവാൻ കഴിയും?***

ജീവിതത്തിലേക്ക് യേശുവിന്റെ സന്ദേശം വരുന്നത് ഇവിടെയാണ്– അക്ഷരീകമായി, വ്യക്തിപരമായി...

യേശു പറഞ്ഞു, *ഞാൻ വാതിലാകുന്നു, എന്നിലൂടെ കടക്കുന്നവൻ രക്ഷപ്രാപിക്കും*. ദൈവത്തെ *കുറിച്ച്* പഠിപ്പിച്ചില്ല; ദൈവത്തെ അറിയുവാൻ നമ്മെ യേശു അവനിലേക്ക് വിളിച്ചു. നിങ്ങളുടെ ജീവിതത്തിലുള്ള ആഴമേറിയ കാര്യം *ഒരു വ്യക്തിയാണ്*, അല്ലാതെ ഒരു സാധനമോ ധാരണയോ അല്ല. അതെക്കുറിച്ച് ഒരു മിനിറ്റ് ചിന്തിക്കുക. ***ഒരു ദിനത്തിന്റെ ഒടുവിൽ നിങ്ങൾക്ക് ഏറ്റവും വിലപ്പെട്ട കാര്യം എന്താണ്?*** അത് ഒരു വ്യക്തിയാണെന്ന് ഞാൻ ഉറപ്പ് തരുന്നു. ദൈവം മാറ്റമില്ലാത്തവനാണ്. നിങ്ങൾക്ക് ദൈവത്തിന്റെ ആഴമേറിയ സത്യം 'അവൻ' തന്നെയാണ്. അവൻ ഒരു മനുഷ്യനായതിന്റെ ഉദ്ദേശ്യം ഇതായിരുന്നു, അങ്ങനെ നിനക്കും എനിക്കും അവനെ വാസ്തവത്തിൽ കാണുവാനും സ്പർശിക്കുവാനും അറിയുവാനും സാധിക്കും. വാസ്തവത്തിൽ യേശുവിന് കൊടുത്ത ഒരു പേര് ഇതാണ്, *ഇമ്മാനുവേൽ*, ദൈവം നമ്മോടുകൂടെ. യേശു–ദൈവം മനുഷ്യനായി–വന്നത്, അവന് നമ്മോടൊപ്പം ഇപ്പോഴും എപ്പോഴും ഇരിപ്പാനാണ്.

***ദൈവത്തെ വ്യക്തിഗതമായി അറിയുവാൻ താങ്കൾക്ക് ആഗ്രഹമുണ്ടോ?***

# വിശ്വാസം

അവനിൽ *വിശ്വസിക്കുവാൻ* യേശു നമ്മെ വെല്ലുവിളിക്കുന്നു. അവൻ ജനങ്ങളോടൊപ്പം ആയിരുന്നപ്പോൾ ഇതായിരുന്നു അവന്റെ ക്ഷണം, അങ്ങനെ അവർക്ക് അവനെ 'കാണാമായിരുന്നു.' *അവർക്ക് അവനെ 'കാണാ'മായിരുന്നു എങ്കിൽ അവനിൽ 'വിശ്വസി'ക്കുവാനുള്ള ഈ ഊന്നൽ എന്തുകൊണ്ട്?* 'വിശ്വാസ'ത്തെക്കുറിച്ച് രണ്ടു കാര്യങ്ങൾ എന്റെ മനസ്സിലേക്ക് വരുന്നു:

## *1. ഒരു യഥാർഥ സ്നേഹിതൻ താങ്കളിൽ വിശ്വസിക്കുന്നു!*

താങ്കൾക്കു*വേണ്ടി* ഒന്നും ചെയ്യാത്ത പേരിനൊരു 'സുഹൃത്ത്' താങ്കൾക്ക് ഉണ്ടായിട്ടുണ്ടോ? ഈ വ്യക്തി താങ്കളെ കാണുന്നു, അറിയുന്നു, അടുത്തുള്ളപ്പോൾ താങ്കളെ അംഗീകരിക്കുന്നുമുണ്ട്; ഈ ആളിന് താങ്കളുമായി ഒരു 'ബന്ധമുണ്ട്', എന്നാൽ താങ്കളെ 'വിശ്വസിക്കുന്നില്ല'. താങ്കളെ സംബന്ധിച്ച് ഹൃദയത്തിന്റെ ഒരു ഭാഗം അയാൾ അടച്ചുപൂട്ടിയിരിക്കുകയാണ്. ***ബന്ധത്തിൽ ഈ വിചാരത്തോട്, അനുഭവത്തോട് താങ്കൾക്കു യോജിക്കുവാൻ സാധിക്കുമോ?***

'നമ്മോടൊപ്പം' ആയിരിക്കുവാൻ—ദൈവം ജഡത്തിൽ—യേശു വന്നു. അവന്റെ പേരായ 'ഇമ്മാനുവേൽ' എന്നതിന്റെ അർഥം *ദൈവം നമ്മോടുകൂടെ* എന്നാണ്.[1] താങ്കൾ കേവലം യേശുവിനെ അംഗീകരിക്കുന്നത് അവന് ആവശ്യമില്ല, അവന് സ്നേഹം, താങ്ക

1 യെശയ്യാവ് 7:14/മത്തായി 1:23

ളുമായി 'വിശ്വാസം' എന്ന ബന്ധമാണ് ആവശ്യം. യഥാർഥസ്നേഹത്തിന്റെ ജീവരക്തം എന്നത് പരസ്പര വിശ്വാസമാണ്.

യേശു പറഞ്ഞു, *നിങ്ങളെ എന്റെ സ്നേഹിതന്മാർ എന്ന് പറഞ്ഞിരിക്കുന്നു*. യേശു പിന്നെയും പറഞ്ഞു, സ്നേഹിതന്മാർക്കു ജീവനെ കൊടുക്കുന്നതിലും അധികം സ്നേഹം ആർക്കും ഇല്ല.[2]

## *2 കാണുന്നത് വിശ്വാസമല്ല!*

യേശു ഭൂമിയിലായിരുന്നപ്പോൾ അനേകമാളുകൾ അവന്റെ ശക്തി കണ്ടതാണ്, എന്നാൽ അവനിൽ വിശ്വസിച്ചില്ല. നിങ്ങളും എന്നെ പോലെ ഒരുപക്ഷേ, ആഗ്രഹിക്കുകയോ പറയുകയോ ചെയ്യുന്നുണ്ട്, ''വാസ്തവത്തിൽ യേശുവിനെ എനിക്കു 'കാണുവാൻ' കഴിഞ്ഞിരുന്നുവെങ്കിൽ....'' സത്യം ഇതാണ്, അവനെ ജഡത്തിൽ കണ്ട, അത്ഭുതങ്ങൾക്കു സാക്ഷ്യം വഹിച്ച പലരും–ഭൂരിപക്ഷവും–അവനിൽ *വിശ്വസിച്ചില്ല*. ഒടുവിൽ അവനെ 'കണ്ട' *എല്ലാവരും*–അവന്റെ ഉപദേശം കേട്ടവർ, കൂടെ നടന്നവർ, അവന്റെ അത്ഭുതങ്ങളും അടയാളങ്ങളും ആസ്വദിച്ചവർ–ഒന്നുകിൽ അവന് എതിരായി തിരിഞ്ഞു അല്ലെങ്കിൽ അവനെ തള്ളിക്കളഞ്ഞു. അവനെ 'കണ്ട' എല്ലാവരുടെയും മധ്യത്തിൽവച്ച്, പകൽവെളിച്ചത്തിൽ അവനെ കൊന്നു.

അതുകൊണ്ട് യേശു നമ്മെ വിളിക്കുന്നത് 'വിശ്വാസ'ത്തിലേക്കാണ്, 'കാഴ്ച'യിലേക്കല്ല. അവനെ കണ്ട മനുഷ്യൻ അവനെ കൊന്നുകളഞ്ഞു. നാം നമ്മുടെ കണ്ണുകൾകൊണ്ട് കാണുന്നതിനെ പിൻപറ്റുവാനോ–അതിനോട് കൂറ് പുലർത്തുവാനോ–നമുക്ക് നമ്മെത്തന്നെ വിശ്വസിക്കുവാനാകില്ല. ഒരു സമയത്തേക്ക് നാം കൂറുള്ളവരായിരിക്കും, ശിഷ്യന്മാരെപോലെ, എന്നാൽ എപ്പോഴെങ്കിലും നമ്മുടെ കണ്ണുകൾ, നമ്മുടെ മനസ്സുകൾ, നമ്മുടെ ഹൃദയങ്ങൾ ഒക്കെ നമ്മെ തള്ളിക്കളയുകയും അത് അനുഗമിക്കുവാനാകാത്തവിധം ആവുകയുംചെയ്യും. നാം കണ്ടതിനും ഒരിക്കൽ സ്നേഹിച്ചതിനും എതിരായിപോയെന്നും വരാം.

---

2 യോഹന്നാൻ 15:13–15

യേശു തന്റെ ശിഷ്യനായ തോമസിനോട് പറഞ്ഞു, ''കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ.''

ഈ ഭൂമിയിൽ നമ്മുടെ ഹൃദയക്കണ്ണുകൾകൊണ്ട് കാണുവാനും വിശ്വസിക്കുവാനും–*സ്വീകരിക്കുക, അനുഗമിക്കുക, അനുസരിക്കുക, ആരാധിക്കുക*–യേശു നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. യേശു താങ്കളുമായി ഒരു യഥാർഥബന്ധം ആഗ്രഹിക്കുന്നു, ഒരു സുഹൃദ്ബന്ധം! ഒരു ദിനം നാം മഹത്വത്തിൽ പ്രവേശിക്കും, അവിടെ നമ്മുടെ കണ്ണുകൾ ശുദ്ധവും നമ്മുടെ ഹൃദയങ്ങൾ നേരുള്ളതും ആയിരിക്കും, അങ്ങനെ നാം അവനെ 'മുഖാമുഖം' കാണും. എന്നാൽ ഇപ്പോൾ നാം വിശ്വസിക്കണം.

***താങ്കളുടെ ഹൃദയക്കണ്ണുകൊണ്ടാണ് താങ്കൾ യേശുവിനെ കാണു ന്നതെന്ന് താങ്കൾക്ക് തോന്നുന്നുണ്ടോ?***

# നിധി

***യേശുവിനെ ‘കാണുവാനും’ വിശ്വസിക്കുവാനും പ്രയാസമായിരിക്കുന്നത് എന്തുകൊണ്ടാണ്?***

ഞാൻ തിരുവചനം വായിക്കുമ്പോൾ ദൈവം പ്രവർത്തിക്കുന്നത് എങ്ങനെയെന്നു കണ്ട് അത്ഭുതപ്പെടാറുണ്ട്. സമയത്തിന്റെ ആരംഭം മുതൽ, ദൈവം എല്ലാവരെയും ഒരുപോലെ സ്നേഹിച്ചിട്ടുപോലും ചിലർ ദൈവത്തെ ‘അറിഞ്ഞു’ ചിലർ ദൈവത്തെ അറിഞ്ഞില്ല. ഇത് നമുക്ക് മനസ്സിലാക്കുവാനും കണക്കുകൂട്ടുവാനും വിശദീകരിക്കുവാനും അസാധ്യമാണ്–അസാധ്യമായിരിക്കും.

യേശു ഭൂമിയിൽ നടന്നപ്പോഴും പ്രസംഗിച്ചപ്പോഴും അത്ഭുതങ്ങൾ ചെയ്തപ്പോഴും അതുപോലെ തന്നെയാണ്. ചിലർ അവന്റെ കാൽക്കൽ വീണിട്ട് പറഞ്ഞു, ‘‘അങ്ങ് കർത്താവാകുന്നു!’’ മറ്റു ചിലർ അവനെ കണക്കാക്കിയില്ല, പരിഹസിച്ചു, അവന്റെ അധികാരത്തെ ചോദ്യംചെയ്തു. ഇതെങ്ങനെയാണ്? എങ്ങനെ ഒരു മനുഷ്യൻ ക്രിസ്തുവിനെ നോക്കിയിട്ട് ദൈവത്തെ കാണുന്നു, അതേസമയം വേറൊരുവൻ ക്രിസ്തുവിനെ നോക്കിയിട്ട് കേവലമൊരു മനുഷ്യനെ കാണുന്നു? ഇത് എനിക്കു വിശദീകരിക്കുവാനാകില്ല!

എന്നാൽ യേശുവിന്റെ ഉപദേശത്തിലും ജീവിതത്തിലും ആകമാനം ഞാൻ കണ്ടത് ഇതാണ്, അവൻ തന്നെതന്നേ ആഴമായും ശാന്തമായും വെളിപ്പെടുത്തി. വളരെ ആഴവും ശാന്തവുമായി വെളിപ്പെടുത്തി! യേശു ആരാണെന്ന്–ദൈവം നമ്മോടുകൂടെ–ഒരു വ്യക്തി ‘കാണു’മ്പോൾ, വെളിപ്പാട് അവന്റെ ഹൃദയത്തിലേക്ക് പ്രവേശിച്ച്, അവനെ എന്നെന്നേക്കും പരിവർത്തനം ചെയ്യുന്നു. ഈ വെളിപ്പാട്

വളരെ ആഴവും ശുദ്ധവും ശാന്തവുമാകയാൽ, അത് നമ്മുടെ ഭൂരിപക്ഷത്തിന്റെയും ശ്രദ്ധയെ ആകർഷിക്കാതെ കടന്നുപോകുന്നു. ഏറെ ബഹളത്തിലും ജീവിതത്തിന്റെ ഉപരിതല ആഹ്രങ്ങളിലും നമ്മുടെ ശ്രദ്ധ മാറിപ്പോകുമ്പോൾ, ദൈവത്തിന്റെ ആഴമേറിയ കാര്യങ്ങൾ നമ്മെ കടന്നുപോകുന്നു.

ഈ സത്യം ചിത്രീകരിക്കുവാൻ യേശു ചെറിയൊരു ഉപമ പറഞ്ഞു, *സ്വർഗരാജ്യം വയലിൽ ഒളിച്ചുവച്ച നിധിയോട് സദൃശം. അത് ഒരു മനുഷ്യൻ കണ്ടു മറച്ചുവച്ചു, തന്റെ സന്തോഷത്താൽ ചെന്ന് തനിക്കുള്ളതൊക്കെയും വിറ്റ് ആ വയൽ വാങ്ങി.*[3]

***യേശു താങ്കൾ കാണുവാൻ തുടങ്ങിയതും നിങ്ങളുടെ ചുറ്റുപാടുമുള്ള പലരും കാണാത്തതുമായ ഒരു നിധിയാണെന്ന് താങ്കൾക്കു തോന്നുന്നുണ്ടോ?***

3 മത്തായി 13:44

# രക്തം

യേശുവിന്റെ കഥ അത്രയ്ക്ക് അവിശ്വസനീയമാണ്! ദൈവം നമ്മെ പാപങ്ങളിൽനിന്ന് നമ്മുടെ 'കറകളി'ൽനിന്ന് നമ്മെ വിടുവിക്കാൻ വന്നതാണ് യേശു എന്ന് നമ്മോടു പറഞ്ഞിരിക്കുന്നു. നമ്മുടെ ആഴമേറിയ പാപങ്ങൾ മിക്കപ്പോഴും ഒരു രക്തപങ്കിലമായ വഴി ശേഷിപ്പിക്കുന്നു. അക്രമം ഉള്ളിടത്ത്, ബലാൽക്കാരമുള്ളിടത്ത്, ദൗർഭാഗ്യമുള്ളിടത്ത്, മരണമുള്ളിടത്ത് ജനങ്ങളുടെ ജീവന്റെ ശ്രോതസ്സായ രക്തം തെറിച്ചുവീഴുന്നു. നേരിട്ടോ അല്ലതെയോ നമ്മുടെ കരങ്ങളിൽ അത് പുരണ്ടിരിക്കുന്നു. അടിമത്തവും ബലാൽക്കാരവും കൊണ്ട് പണിയപ്പെട്ട ഒരു ലോകത്താണ് നാം ജീവിക്കുന്നത്. നാമെല്ലാവരും ഒന്നുകിൽ രക്തം ചൊരിഞ്ഞിട്ടുണ്ട് അല്ലെങ്കിൽ അവരുടെ രക്തമൊഴുകുവാൻ കാരണമായ അപഹരിക്കപ്പെട്ട വസ്തുക്കൾ ഉപഭോഗിച്ചിട്ടുണ്ട്. അത് പച്ചയായ, അസ്വസ്ഥത ജനിപ്പിക്കുന്ന സത്യമാണ്–എന്നാൽ ലോകത്തിന്റെ അന്ധകാരത്തിനും ദൈവത്തിൽ നിന്നുള്ള നമ്മുടെ അകൽച്ചയ്ക്കും കാരണമായി രക്തച്ചൊരിച്ചിൽ ഉണ്ട്.

അതുകൊണ്ട് ഈ പാപത്തിൽനിന്നും അന്ധകാരത്തിൽനിന്നും നമ്മെ വിടുവിക്കുവാൻ ആഗ്രഹിക്കുന്നു. നാം അനുഭവിച്ച കഷ്ടങ്ങളിൽനിന്നും നാം ചെയ്ത തെറ്റുകളിൽനിന്നും അവൻ നമ്മെ സ്വതന്ത്രരാക്കുവാൻ ആഗ്രഹിക്കുന്നു. എല്ലാ ആത്മാവിനെയും എല്ലാ ഹൃദയത്തെയും നാം വസിക്കുന്ന ഭൂമിയെപോലും സൗഖ്യമാക്കി പുതുക്കുവാൻ അവനാഗ്രഹിക്കുന്നു. ഈ അവിശ്വസനീയമായ ആത്മിക വഴിയിലൂടെ 'വീണ്ടെടുപ്പിനും' 'പാപക്ഷമയ്ക്കു'മുള്ള മാർഗം യേശു തുറന്നുവെന്ന് നമ്മോട് പറഞ്ഞിട്ടുണ്ട്: ***യേശു സ്വയം***

***അവന്റെ ശരീരത്തിന്മേൽ നമ്മുടെ പാപം വഹിച്ചുകൊണ്ട് അവൻ മരിച്ചു***. ബൈബിളിലെ ഒരു വാക്യം അത് ഇങ്ങനെയാണ് രേഖപ്പെടുത്തുന്നത്: അവൻ നമുക്കുവേണ്ടി പാപം ആയി.[4]

എന്റെ കുറ്റവും ലജ്ജയും അവൻ തന്റെമേൽ വഹിച്ചുകൊണ്ട് മരിച്ചു. എന്റെ പാപം എടുത്തുകൊണ്ട് മരിച്ചശേഷം അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു, എന്നാൽ എന്റെ പാപം അവനോടൊപ്പം തിരിച്ചുവന്നില്ല. അവൻ പാപത്തെ ശവക്കുഴിയിൽ ഉപേക്ഷിച്ചുവെന്ന് പറയട്ടെ. യേശു എന്റെ പാപമെടുത്തുകൊണ്ട് മരിച്ചിട്ട് എനിക്കുള്ള പാപക്ഷമയും പുതുജീവനുംകൊണ്ടു മാത്രമാണ് മടങ്ങിവന്നത്.

ബൈബിളിൽ ശക്തമായൊരു വാക്യമുണ്ട് അത് ഇങ്ങനെ വിവരിക്കുന്നു: നമ്മുടെ പാപത്തിന്റെ രക്തത്തെക്കാളും *ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തം*.

ഇക്കാരണത്താൽ നാം യേശുവിലും അവൻ നല്കുന്ന ക്ഷമയിലും വിശ്വസിക്കുന്നു; *യേശുവിന്റെ രക്ത*ത്തിന്, അവന്റെ യാഗരക്തത്തിനുവേണ്ടി നാം നന്ദിയുള്ളവരാണ്.

***അവന്റെ രക്തത്താൽ കഴുകപ്പെടുവാൻ താങ്കൾ ആഗ്രഹിക്കുന്നുവോ?***

4 2 കൊരിന്ത്യർ 5:21

# ആത്മാവ്

യേശു ജീവിക്കുന്നു! അവൻ ശരീരമുള്ളവനായി സ്വർഗത്തിൽ വസിക്കുന്നു. ഒരു ദിനം താങ്കൾക്ക് അവനെ 'മുഖാമുഖം' കാണാം.

താൻ ഭൂമിയിൽനിന്ന് സ്വർഗത്തിലേക്ക് എത്രയും വേഗം പോകുമെന്ന് തന്റെ ശിഷ്യന്മാരോട് പറയുകയായിരുന്നു, അവർ സന്തോഷിക്കണം, ദുഃഖിക്കരുത് എന്ന് അവൻ പറഞ്ഞു, അതിനർഥം *പരിശുദ്ധാത്മാവ്* അവരുടെ അടുത്തേക്കും 'അവരിലേക്കും' വരും.[5]

യേശു ഈ ഭൂമിയിലായിരുന്നപ്പോൾ അവൻ മനുഷ്യരൂപത്തിൽ ആയിരുന്നു. അവൻ ഒരു ഗ്രാമത്തിൽ ആയിരുന്നാൽ അതിനർഥം അവൻ മറ്റൊരിടത്ത് ആയിരിക്കില്ല എന്നാണ്. ഒരുവന്റെമേൽ അവൻ സമാധാനത്തിന്റെ കരം വെക്കുകയാണെങ്കിൽ അതേ സമയത്ത് സമാധാനത്തിന്റെ കരം മറ്റൊരാളെ സ്പർശിക്കാനാവില്ല. മനുഷ്യരൂപത്തിൽ ആയിരുന്നതിനാൽ നമ്മെപോലെ സ്ഥലകാലങ്ങൾക്ക് അവൻ പരിമിതനായിരുന്നു.

യേശു സ്വർഗാരോഹണം ചെയ്തുകഴിഞ്ഞപ്പോൾ, യേശുവിന്റെ ആത്മാവ്, പരിശുദ്ധാത്മാവ് ഭൂമിയിൽ പകരപ്പെട്ടു. ഇതിനർഥം യേശു എന്ന വ്യക്തി, അവന്റെ സമാധാനം എല്ലാ ഗ്രാമങ്ങളിലും ലഭ്യമാകും എന്നാണ്. ഒരേ സമയത്ത് അവന്റെ ആത്മാവ് എല്ലാ വ്യക്തിയുടെയും ഹൃദയത്തിലും ഭവനത്തിലും ആയിരിക്കുവാനാകും. അത് ഇതും അർഥമാക്കുന്നു, അവൻ വാസ്തവത്തിൽ നമ്മുടെ ഉള്ളിൽ വസിക്കുന്നുണ്ട്, നമ്മുടെ ചുറ്റും നടക്കുന്നുമുണ്ട്.

---

5 യോഹന്നാൻ 14:17,26,28

ഇപ്പോൾ ഭൂമിയിൽ അവന്റെ ദൗത്യം പൂർത്തിയായി–നമുക്ക് പാപക്ഷമയും നിത്യജീവനും നല്കുവാൻ അവൻ മരിച്ച് ഉയിർത്തു– അവൻ ശാരീരികമായി ഇപ്പോൾ സ്വർഗത്തിൽ വസിക്കുന്നു. പരിശുദ്ധാത്മാവിലൂടെ നാം അവനുമായി ബന്ധപ്പെടുന്നു.

നാം യേശുവിൽ വിശ്വസിക്കുമ്പോൾ, പരിശുദ്ധാത്മാവിലൂടെ അവൻ വന്ന് നമ്മുടെ ഹൃദയത്തിലും ദേഹിയിലും ആത്മാവിലും വസിക്കുന്നു–'ദൈവം നമ്മോടുകൂടെ'.

***യേശുവിൽ വിശ്വസിക്കുവാനും***
***അവന്റെ പരിശുദ്ധാത്മാവ്***
***താങ്കളുടെ ഹൃദയത്തിലും***
***ജീവിതത്തിലും വരുവാനും***
***താങ്കൾ ആഗ്രഹിക്കുന്നുവോ?***

# ക്ഷണം

യേശു പറഞ്ഞു: ‘‘ഞാൻ വാതിൽ ആകുന്നു, എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും’’ (യോഹന്നാൻ 10:9).

***ഇപ്പോൾ തന്നെ യേശുവിനെ താങ്കളുടെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും ക്ഷണിക്കുവാൻ ആഗ്രഹിക്കുന്നുവോ?***

ഈ തീരുമാനം ആത്മികമാണ്, താങ്കളുടെ ജീവിതം യേശുവിന് കൊടുക്കുന്നതിലൂടെ പാപക്ഷമയും നിത്യജീവനും ലഭിക്കുന്നു. യേശുവിനെ അറിയുന്ന നിമിഷം മുതൽ താങ്കൾ പുതിയൊരു പാതയിലാണ്, ‘‘നട്ടുച്ചവരെ അധികമധികം ശോഭിച്ചുവരുന്ന’’ പ്രകാശം (സദൃശവാക്യങ്ങൾ 4:18).

മരണത്തിൽനിന്ന് ജീവനിലേക്കുള്ള പാലം കടന്ന് യേശുവിനെ ഇപ്രകാരം താങ്കൾക്ക് അറിയാം. പ്രധാനപ്പെട്ട രണ്ടു കാര്യങ്ങൾ ‘ചെയ്യണം’. അവ രണ്ടും ഞാൻ താഴെ കൊടുക്കുന്നു. അതിനുശേഷമായിട്ട് ഞാൻ ഒരു പ്രാർഥന എഴുതിയിരിക്കുന്നത് വായിക്കുകയും ഹൃദയത്തിൽനിന്ന് ‘പ്രാർഥിക്കുക’യും ചെയ്യാം.

## *1. പാപത്തെക്കുറിച്ച് അനുതപിക്കുക:*

താങ്കളുടെ പാപത്തെക്കുറിച്ച് താങ്കൾ അനുതപിക്കണം. ഇത് കടുപ്പമുള്ള ഒരു പടിയാണ്, എന്നാൽ യേശു അത് ആവശ്യപ്പെടുന്നു. താങ്കളുടെ ജീവിതത്തിലെ പാപത്തിൽനിന്ന്–*ദ്രവ്യാഗ്രഹം, ഭോഗേച്ഛ, അത്യാഗ്രഹം, കാപട്യം, മയക്കുമരുന്ന് അടിമത്തം, വ്യഭിചാരം,*

*അശ്ലീലം* മുതലായവയിൽനിന്ന്–ദൈവസഹായത്താൽ താങ്കൾ മാറിപ്പോകുമെന്ന് ഇപ്പോൾ തന്നെ തീരുമാനിക്കണം.

പാപത്തെക്കുറിച്ചുള്ള അനുതാപം ഒരു 'ഹൃദയ തീരുമാനമാണ്.' കാലക്രമേണ അതു താങ്കളുടെ ജീവിതത്തിലും ഭവനത്തിലും പ്രകടമാകണം. താങ്കൾ വിച്ഛേദിക്കേണ്ടുന്ന, പറയേണ്ടുന്ന, ഉപേക്ഷിക്കേണ്ടുന്ന, ഓഫാക്കേണ്ടുന്ന, കൊടുക്കേണ്ടുന്ന... കാര്യങ്ങൾ ഉണ്ടായിരിക്കും. ഇപ്പോൾ താങ്കൾ അനുതപിക്കുകയും *തിരിഞ്ഞുവരിക*യും (ഇതാണ് 'അനുതാപം' അർഥമാക്കുന്നത്) ചെയ്താൽ അടുത്ത പടിക്കുവേണ്ടി താങ്കൾ ശരിയാം വണ്ണം തയ്യാറാവുകയാണ്.

## *2. യേശുക്രിസ്തുവിൽ വിശ്വസിക്കുക:*

ഏതൊരു യഥാർഥ ബന്ധത്തിലും വിശ്വാസത്തിന്റെ പ്രാധാന്യവും 'സത്യ'വും മുകളിൽ നാം പറഞ്ഞിട്ടുണ്ട്. അവനിൽ 'വിശ്വസിക്കു'വാനായി യേശു നമ്മെ വിളിക്കുന്നു. *വിശ്വാസത്തിന്റെ ഈ കാൽവെപ്പി*നായി യേശു നമ്മെ ആഹ്വാനം ചെയ്യുന്നു. എന്നിട്ട് അവനിലുള്ള വിശ്വാസത്തിന്റെ പ്രഖ്യാപനം നടത്തുക. താങ്കളുടെ പ്രാർഥനയായി അപേക്ഷിക്കുവാൻ താഴെ ഒരു പ്രാർഥന ഞാൻ എഴുതിയിട്ടുണ്ട്. ഈ പ്രാർഥന താങ്കളുടെ ഹൃദയത്തിൽനിന്ന് ആത്മാർഥമായി പുറപ്പെടണം.

താങ്കളുടെ പാപത്തെക്കുറിച്ച് അനുതപിക്കുകയും യേശുവിൽ വിശ്വസിക്കുകയും ചെയ്താൽ, ഈ നിമിഷം അവൻ തന്റെ പരിശുദ്ധാത്മാവിനെ താങ്കളുടെ ഹൃദയത്തിൽ നല്കും. താങ്കളുടെ പാപം ക്ഷമിക്കുകയും സ്വർഗത്തിൽ താങ്കളുടെ പേര് എഴുതുകയും ചെയ്യും!

*പ്രാർഥന:*

**കർത്താവായ യേശുവേ, അങ്ങ് എന്നെ സ്നേഹിക്കുന്നതിനു നന്ദി. എന്റെ പാപത്തിനുവേണ്ടി മരിച്ചതിനായി ഞാൻ അങ്ങേയ്ക്കു നന്ദി പറയുന്നു. എനിക്കു പാപക്ഷമയും നിത്യജീവനും തന്നതിനായി അങ്ങേയ്ക്കു നന്ദി.**

**ഇന്ന് എന്റെ പാപത്തെയോർത്തു ഞാൻ അനുതപിക്കുന്നു, എന്റെ വിശ്വാസവും ആശ്രയവും അങ്ങയിൽ അർപ്പിക്കുന്നു. എന്റെ പാപം ക്ഷമിച്ച് അങ്ങയുടെ പരിശുദ്ധാത്മാവിനെ എന്നിൽ പകരണമേ. കർത്താവേ, എന്റെ പാപം ക്ഷമിച്ചതിനായി നന്ദി. കർത്താവായ യേശുവേ, എന്നെ രക്ഷിച്ചതിനു നന്ദി. വിശ്വസ്തനായിരിപ്പാനും അങ്ങയെ മുഖാമുഖം കാണുംവരെയും വിശ്വസ്തനായിരിപ്പാനും എന്റെ ജീവകാലമെല്ലാം അങ്ങയെ പിൻഗമിപ്പാനും എന്നെ സഹായിക്കണമേ. യേശുവിന്റെ നാമത്തിൽ ഞാൻ പ്രാർഥിക്കുന്നു. ആമേൻ!**

# പുതുജീവൻ

യേശുവിലുള്ള വിശ്വാസത്താൽ ഈ കാൽവെപ്പ് താങ്കൾ നടത്തിയെങ്കിൽ താങ്കൾ രക്ഷിക്കപ്പെട്ടിരിക്കുന്നു! താങ്കൾ ക്ഷമിക്കപ്പെട്ടവനാണ്! താങ്കൾ ഒരു 'പുതിയ സൃഷ്ടിയാണ്.' ഇത് ദൈവത്തിന്റെ സത്യമാണ്. ഇത് യേശുവിന്റെ സന്ദേശമാണ്.

ഒരു പുതിയ 'വിശ്വാസി' എന്ന നിലയ്ക്ക് എല്ലാ ദിവസവും ബൈബിൾ വായിക്കേണ്ടതും യേശുവിനോടൊപ്പം പ്രാർഥനയിൽ സമയം ചെലവിടേണ്ടതും പ്രാധാന്യമുള്ള കാര്യമാണ്. ഒരു നല്ല ക്രിസ്തീയ സഭയിൽ ചേരേണ്ടതും അത്യാവശ്യമാണ്. അങ്ങനെ വിശ്വാസത്തിലും മറ്റു വിശ്വാസികളുടെ പിന്തുണയിലും താങ്കൾക്കു വളരുവാനാകും.

താങ്കളുടെ പക്കൽ ബൈബിൾ ഇല്ലെങ്കിൽ ഒന്നു വാങ്ങുവാൻ ഉപദേശിക്കട്ടെ. താങ്കളുടെ ഭാഷയിലോ അല്ലെങ്കിൽ ഇംഗ്ലിഷിൽ *New International Version* (NIV), *English Standard Version* (ESV) എന്നിവയോ ഓൺലൈനിൽ വാങ്ങാവുന്നതാണ്.

ദിവസവും ഒരധ്യായം വായിക്കുന്നത് എന്റെ പതിവാണ്. **ലൂക്കൊസിന്റെ സുവിശേഷ**ത്തിൽനിന്ന് വായന തുടങ്ങാം.

വിശ്വസനീയമായ ഒരു സഭ കണ്ടെത്തുക. ഈ തീരുമാനത്തിനായി യേശുവിനോട് താങ്കളെ നയിക്കുവാൻ പ്രാർഥനയിൽ അപേക്ഷിക്കുക. താങ്കൾക്കു പരിചയമുള്ളതും വിശ്വാസമുള്ളതുമായ ഒരു ക്രിസ്തുവിശ്വാസിയോട് ഈ സഭാ വിഷയത്തിൽ ശുപാർശ ആവശ്യപ്പെടുക. ആഴ്ചയിൽ ഒരിക്കൽ സഭയിൽ പോകു

ന്നതിന് മുൻഗണനകൊടുക്കുക, ഇത് കർത്താവിന് ഒരു 'യാഗ'മാണ്. താങ്കളുടെ സമയവും ധനവും അതിനുവേണ്ടി ക്രമീകരിക്കുക. *അതിനായി ദൈവം താങ്കളെ ആദരിക്കും!*

താങ്കളിൽനിന്ന് കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു! താങ്കൾ വിശ്വാസത്തിന്റെ ഈ കാൽവെപ്പ് എടുത്തുവെങ്കിൽ അടുത്ത പുറത്ത് കൊടുത്തിരിക്കുന്ന എന്റെ ഇമെയിൽ ഐഡിയിൽ എനിക്ക് കത്തെഴുതിയാലും. ഞാൻ താങ്കളോടൊപ്പം സന്തോഷിക്കും താങ്കൾക്കായി പ്രാർഥിക്കും.

എന്റെ സഹോദരാ, സഹോദരീ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ! നാം ഒരു കുടുംബ സംഗമത്തിനു കൂടിച്ചേരുംവരെ ദൈവം നിങ്ങളെ അനുഗ്രഹിച്ച് സമൃദ്ധിയോടുകൂടെ സംരക്ഷിക്കട്ടെ!

കൂടുതൽ വിവരങ്ങൾക്കുവേണ്ടി എന്റെ വെബ്സൈറ്റ് സന്ദർശിച്ചാലും:

www.1peter1three.weebly.com

***യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ; യഹോവ തിരുമുഖം നിന്റെമേൽ പ്രകാശിപ്പിച്ച് നിന്നോട് കൃപയുള്ളവനാകട്ടെ; യഹോവ തിരുമുഖം നിന്റെമേൽ ഉയർത്തി നിനക്കു സമാധാനം നൽകുമാറാകട്ടെ.*** സംഖ്യ 6:24-26

# ◈ തിരുവചന റഫറൻസുകൾ

***ദൈവത്തിന്റെ അടുത്തേക്കു വരുവാൻ അവൻ വിളിക്കുന്നു:*** 2 കൊരിന്ത്യർ 5:20

***ക്രിസ്തുവിനെ അവന്റെ തിരുവചനത്തെ, അവന്റെ ആത്മാവിനെ മാത്രം അറിയുക:*** 1 കൊരിന്ത്യർ 2:2–3

***പ്രേരണയും ബൈബിളിന്റെ തെറ്റായ ഉപയോഗവും:*** എബ്രായർ 4:12/യിരെമ്യാവ് 29:13 (ഇതും കാണുക, മത്തായി 4:111; 2 കൊരിന്ത്യർ 4:2)

***പഠിപ്പില്ലാത്തവരായ തിരുവചനത്തിന്റെ എഴുത്തുകാർ:*** പ്രവൃത്തികൾ 4:13

***യേശു എന്ന പേരിന്റെ അർഥം, 'കർത്താവ് രക്ഷിക്കുന്നു':*** മത്തായി 1:21

***ദൈവം മനുഷ്യരൂപത്തിൽ ആകുന്നു യേശു:*** യെശയ്യാവ് 7:14/മത്തായി 1:23; യെശയ്യാവ് 9:6; യോഹന്നാൻ 1:15,9,14; യോഹന്നാൻ 8:58/പുറപ്പാട് 3:14; യോഹന്നാൻ 10:30; യോഹന്നാൻ 14:9; യോഹന്നാൻ 9:38/മത്തായി 14:33/പുറപ്പാട് 20:5; യോഹന്നാൻ 5:46; കൊലോസ്യർ 1:15 20; എബ്രായർ 1:3; ഫിലിപ്പ്യർ 2:6 11; സെഖര്യാവ് 14:9/പ്രവൃത്തികൾ 4:12; വെളിപ്പാട് 1:13–18

***പാപം ക്ഷമിക്കുവാനും നിത്യജീവൻ നൽകുവാനുമുള്ള യേശുവിന്റെ ഉദ്ദേശ്യം:*** ലൂക്കൊസ് 5:24; യോഹന്നാൻ 11:25 26; യോഹന്നാൻ 4:13 14

***വെളിപ്പാട് മനസ്സിലാക്കുവാൻ അസാധ്യം!:*** യോഹന്നാൻ 6:37, 65; മത്തായി 16:16–18; റോമർ 11:33–36; യെശയ്യാവ് 55:89; സങ്കീർത്തനം 36:9; 2 കൊരിന്ത്യർ 4:6; യോഹന്നാൻ 4:24; യോഹന്നാൻ 6:63

***ക്രിസ്തുവിലുള്ള വിശ്വാസം:*** യോഹന്നാൻ 7:37–38; യോഹന്നാൻ 11:25–26; യോഹന്നാൻ 9:35; മത്തായി 11:28–30; ലൂക്കൊസ് 5:24; ലൂക്കൊസ് 10:20; യോഹന്നാൻ 10:9; യോഹന്നാൻ 5:39–40; യോഹന്നാൻ 15:13–15

***കാണുന്നത് വിശ്വാസമല്ല:*** യോഹന്നാൻ 11:45,53; മത്തായി 26:56; മർക്കൊസ് 15:25 (രാവിലെ 9 മണി) യോഹന്നാൻ 20:29; 2 കൊരിന്ത്യർ 4:6; 2 കൊരിന്ത്യർ 5:7; 1 യോഹന്നാൻ 3:2; 1 കൊരിന്ത്യർ 13:12

***ദൈവം തുല്യമായി സ്നേഹിക്കുന്നു!:*** 2 പത്രൊസ് 3:9; 1 തിമൊഥെയോസ് 2:4; മത്തായി 18:14; യോഹന്നാൻ 3:16

***ക്രിസ്തുവിന്റെ ആരാധനയും ക്രിസ്തുവിന്റെ തിരസ്കരണവും:*** യോഹന്നാൻ 9:38; മത്തായി 14:33; യോഹന്നാൻ 10:20; 2 കൊരിന്ത്യർ 5:16

***ആഴവും ശാന്തവുമായ വെളിപ്പാട്:*** മത്തായി 16:20; മർക്കൊസ് 1:24,34,44; മർക്കൊസ് 4:11; യെശയ്യാവ് 6:9; 2 കൊരിന്ത്യർ 5:16; സങ്കീർത്തനം 42:7; മത്തായി 13:44

***രക്തവും ക്രിസ്തുവിൽ സ്വാതന്ത്ര്യവും:*** യെശയ്യാവ് 1:18; സങ്കീർത്തനം 25:15; 2 കൊരിന്ത്യർ 5:17; ഗലാത്യർ 2:20; ലൂക്കൊസ് 4:18/യെശയ്യാവ് 61:1; യെശയ്യാവ് 42:3; 2 ദിനവൃത്താന്തങ്ങൾ 7:14; 2 കൊരിന്ത്യർ 5:21; എബ്രായർ 9:22; എബ്രായർ 12:24

***ആത്മാവ്:*** യോഹന്നാൻ 14:14; വെളിപ്പാട് 1:13–18; 1 കൊരിന്ത്യർ 13:12; യോഹന്നാൻ 14:17,26,28

***ക്ഷണവും പുതുജീവനും:*** എഫെസ്യർ 1:13–14; കൊലോസ്യർ 1:27; സദൃശവാക്യങ്ങൾ 4:18; യോഹന്നാൻ 5:24; മർക്കൊസ് 1:15; മത്തായി 3:8; പ്രവൃത്തികൾ 3:19; റോമർ 10:9; ലൂക്കൊസ് 10:20; 2 കൊരിന്ത്യർ 5:17; എബ്രായർ 10:25; സങ്കീർത്തനം 1; യോശുവ 1:9; എബ്രായർ 4:12/2 തിമൊഥെയോസ് 3:16

ഈ വിവർത്തനത്തിന് ദയവായി സഹായം ചെയ്തത് Sunday School Center: www.sunday-school-center.com